പതിനാലാം കേരള നിയമസഭ

13-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.3323 10.12.2018-ൽ മറുപടിക്ക്

## നെൽവയലുകളും തണ്ണീർത്തടങ്ങളും സംരക്ഷിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി. ദിവാകരൻ<br>ശ്രീ. ആർ. രാമചന്ദ്രൻ<br>ശ്രീ. മുഹമ്മദ് മുഹസിൻ പി.<br>ശ്രീ. കെ. രാജൻ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) നെൽവയലുകളും തണ്ണീർത്തടങ്ങളും സംരക്ഷിക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കുമോ; | (എ) നെൽവയലുകളും തണ്ണീർത്തടങ്ങളും സംരക്ഷിക്കുന്നതിന് കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പുകൾ പ്രകാരം നടപടി സ്വീകരിച്ചു വരുന്നുണ്ട്. നെൽവയലുകളും തണ്ണീർത്തടങ്ങളും അനധികൃതമായി പരിവർത്തനപ്പെടുത്തുന്നത് നിരീക്ഷിക്കുന്നതിനും, തടയുന്നതിനും താലൂക്ക് തലത്തിൽ ഭൂരേഖാ തഹസീൽദാരുടെ നേതൃത്വത്തിൽ സ്ക്വാഡുകൾ പ്രവർത്തിച്ചു വരുന്നു. അനധികൃത പരിവർത്തനം സംബന്ധിച്ച് വില്ലേജ് ഓഫീസർ, കൃഷി ഓഫീസർ, റവന്യൂ ഡിവിഷണൽ ഓഫീസർ എന്നിവരിൽ നിന്നുള്ള റിപ്പോർട്ടുകൾ, പൊതുജന പരാതികൾ എന്നിവ ലഭിക്കുന്നതിനെ തുടർന്ന് നിലം പൂർവ്വസ്ഥിതിയിൽ ആക്കുന്നതിനുള്ള നടപടികളും ഭൂവുടമകൾക്കെതിരെ പ്രോസിക്യൂഷൻ നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. നെൽവയൽ നികത്തുന്നതുൾപ്പെടെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾ ലംഘിക്കുന്ന കുറ്റം ചെയ്യുന്നവർക്കുള്ള ശിക്ഷ 3 വർഷമായി ഉയർത്തിയിട്ടുണ്ട്. പരിവർത്തനാനുമതി നൽകുന്ന കേസുകളിൽ നീരൊഴുക്കും സമീപ ഭൂമികളിലെ കൃഷിയെയും പ്രതികൂലമായി ബാധിക്കാതിരിക്കുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തുകയും, ആയത് നടപ്പിലാക്കുന്നുണ്ടോ എന്നുള്ളത് നിരീക്ഷിച്ചു വരികയും ചെയ്തു വരുന്നുണ്ട്. 2018-ലെ നെൽവയൽ തണ്ണീർത്തട (ഭേദഗതി) നിയമ പ്രകാരം ബാധകമായ കേസുകളിൽ ജല സംരക്ഷണ മാർഗ്ഗങ്ങൾ പ്രദാനം ചെയ്യുന്നുണ്ടെന്ന് ഉറപ്പു വരുത്തിയ ശേഷമാണ് പരിവർത്തനം അനുവദിച്ചു വരുന്നത്. |

(ബി) തരിശിട്ടിരിക്കുന്ന നെൽവയലുകളുടെ ഉടമസ്ഥരെ കൃഷി ചെയ്യുന്നതിന് നിർബന്ധിതരാക്കുന്നതിനും തരിശു ഭൂമിയിൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും റവന്യൂ വകുപ്പ് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ;

(ബി) തരിശിട്ടിരിക്കുന്ന നെൽവയലുകളിൽ കൃഷി നടത്തുവാൻ നിർദ്ദേശിക്കുന്നതിന് കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ 15,16 വകുപ്പുകൾ പ്രകാരം പ്രാദേശിക തല നിരീക്ഷണ സമിതിക്ക് അധികാരമുണ്ട്. ആവശ്യമായ കേസുകളിൽ അപ്രകാരമുള്ള നടപടികൾ പ്രാദേശികതല നിരീക്ഷണ സമിതികൾ സ്വീകരിച്ച് വരുന്നുണ്ട്. തരിശു ഭൂമിയിലെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് റവന്യൂ വകുപ്പിന് പ്രത്യേകം പദ്ധതികളില്ല. എന്നാൽ തരിശു ഭൂമിയിലെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് കൃഷി വകുപ്പ് മുഖേന താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

1) സമഗ്ര നെൽകൃഷി വികസന പദ്ധതി
2) നെൽകൃഷി ഉൽപ്പാദന ബോണസ്
3) തരിശ് നെൽകൃഷിയ്ക്ക് ആനുകൂല്യം
4) കേദാരം നെൽകൃഷി വികസന പദ്ധതി
5) പാടശേഖര സമിതിക്ക് നൽകി വരുന്ന ഓപ്പറേഷൻ സപ്പോർട്ട്

(സി) ലക്ഷക്കണക്കിന് ഭൂരഹിതരും ഭവനരഹിതരുമായവർക്ക് വീടുവയ്ക്കുന്നതിന് സാങ്കേതികത്വത്തിന്റെ പേരിൽ നീതി നിഷേധിക്കപ്പെടരുതെന്ന ജനകീയ ആവശ്യവും ഒരു തുണ്ട് വയൽ പോലും നികത്തപ്പെടരുതെന്ന ജനാഭിലാഷവും ഏതു തരത്തിലാണ് സമന്വയിപ്പിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഭൂരഹിതരും, വീട് വയ്ക്കുന്നതിന് പുരയിടം തരമായിട്ടുള്ള ഭൂമി ലഭ്യമല്ലാത്തവരും പുരയിടം തരമായിട്ടുള്ള ഭൂമി സ്വന്തമാക്കുവാൻ സാമ്പത്തിക സ്ഥിതി ഇല്ലാത്ത ദരിദ്ര വിഭാഗങ്ങൾക്കും നിയമത്തിന്റെ പരിധിയിൽ നിന്നു കൊണ്ടും പരിസ്ഥിതിക്ക് കോട്ടം തട്ടാത്ത രീതിയിലും കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമപ്രകാരം പരിവർത്തനാനുമതി അനുവദിക്കുന്നതിനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്. സ്ഥല പരിശോധന നടത്തി ഭൂമിയുടെ തൽസ്ഥിതിയും, അപേക്ഷകരുടെ സാമ്പത്തിക - സാമൂഹ്യ പരിസ്ഥിതിയും വിലയിരുത്തിയതിനു ശേഷമാണ് പരിവർത്തനത്തിനുള്ള അപേക്ഷകൾ പരിഗണിച്ച് വരുന്നത്. എന്നാൽ കച്ചവട താത്പര്യത്തോടെയുള്ളതും സ്വകാര്യ ലാഭം ലക്ഷ്യമിടുന്നതുമായ കേസുകളിൽ ടി നിയമ ത്തിന്റെ പരിധിയിൽ നിന്നും കൊണ്ട് ടി കേസുകൾ നിരുത്സാഹപ്പെടുത്തുന്നതിനുമുള്ള ശക്തമായ നടപടികളും സ്വീകരിച്ചു വരുന്നു. കൂടാതെ പൊതുജന താല്പര്യത്തിന് മുൻഗണന നൽകുന്ന കേസുകൾ പരിസ്ഥിതിക്ക് കോട്ടം വരാത്ത വിധം അനുഭാവപൂർവ്വം പരിഗണിച്ചും വരുന്നുണ്ട്.

| | | |
|---|---|---|
| (ഡി) | ഡാറ്റാബാങ്ക് സംബന്ധിച്ച ആക്ഷേപങ്ങൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ? | (ഡി) ഡാറ്റാബാങ്ക് സംബന്ധിച്ച ആക്ഷേപങ്ങൾ വിവിധ പ്രാദേശിക നിരീക്ഷണ സമിതികൾ പരിഗണിച്ച് വരുന്നുണ്ട്. സംശയമുള്ള കേസുകളിൽ കെ.എസ്.ആർ.ഇ.സി യിൽ നിന്നും ഉപഗ്രഹ ചിത്രങ്ങൾ ലഭ്യമാക്കി പരിശോധിച്ചതിനു ശേഷമാണ് തീരുമാനമെടുത്തു വരുന്നത്. ആക്ഷേപങ്ങളിൽ സമയബന്ധിതമായി തീരുമാനമെടുക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പ്രാദേശിക നിരീക്ഷണ സമിതികൾക്ക് ജില്ലാ തലത്തിൽ നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ